MONDAY തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -01/11/2021

1. പ്രളയക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. ഇത് കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷിഭവൻ മുഖേനയോ ചെയ്യാവുന്നതാണ്. വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ കൃഷി നാശം സംഭവിച്ച് 15 ദിവസത്തിനകത്തും ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർ പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടായി 10 ദിവസത്തിനുള്ളിലും നഷ്ടപരിഹാരത്തിനായി AIMS പോർട്ടൽ മുഖേന അപേക്ഷിക്കേണ്ടതാണ്.

2. മൃഗാശുപത്രി സേവനങ്ങൾ ലഭ്യമല്ലാത്ത സമയങ്ങളിൽ കർഷകർക്ക് മൃഗപരിപാലന സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന **'അടിയന്തിര രാത്രികാല വെറ്ററിനറി സേവനം'** എന്ന പദ്ധതിയിലേയ്ക്ക് ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി രാത്രി സമയങ്ങളിൽ കർഷകർക്ക് ആവശ്യമായ മൃഗചികിത്സ സേവനങ്ങൾ നൽകുന്നതിനുവേണ്ടി വെറ്ററിനറി ഡോക്ടർമാരായി ജോലി ചെയ്യുവാൻ താൽപര്യമുള്ള തൊഴിൽ രഹിതരായ യുവ വെറ്ററിനറി ബിരുദധാരികളെ തെരഞ്ഞെടുക്കുന്നു. താൽപര്യമുള്ള വെറ്ററിനറി ബിരുദധാരികൾ 2021 നവംബർ മാസം 8-ാം തീയതി ബയോഡേറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം രാവിലെ 11 മണിയ്ക്ക് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ- ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. യുവ വെറ്ററിനി ബിരുദധാരികളുടെ അഭാവത്തിൽ വെറ്ററിനറി ഡോക്ടർ തസ്തികയിലേയ്ക്ക് റിട്ടയേർഡ് വെറ്ററിനറി ഡോക്ടർമാരെയും പരിഗണിക്കുന്നതാണ്. പരമാവധി 89 ദിവസത്തേയ്ക്കോ, അല്ലാത്തപക്ഷം എംപ്ലോയ്മന്റിൽ നിന്നുള്ള നിയമനം നടക്കുന്നതുവരെയോ ആയിരിക്കും

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിയമന കാലാവധി. വിശദ വിവരങ്ങൾ 0477-2252431 എന്ന നമ്പരിൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ ലഭ്യമാണ്.

3. ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി 2021-22 ലെ '**ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം**' പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പു വരുത്തുന്നതു ലക്ഷ്യമിട്ട് മാനേജീരിയൽ ധനസഹായം നൽകുന്നു. 2020-2021 വർഷം 250 ലിറ്ററിൽ താഴെ ശരാശരി പ്രതിദിന സംഭരണം ഉള്ള ക്ഷീരസംഘങ്ങൾക്ക് പ്രസ്തുത ധനസഹായ പദ്ധതിയ്ക്കായി അപേക്ഷിക്കാവുന്നതാണ്. ക്ഷീരസംഘം സെക്രട്ടറി, പ്രൊക്യുർമെന്റ് അസിസ്റ്റന്റ് എന്നിവർക്ക് വേതനം നൽകുന്നതിനായി ഒരു ക്ഷീരസംഘത്തിന് പരമാവധി 35,000/- രൂപ വാർഷിക ധനസഹായം ലഭിക്കും. ക്ഷീരസംഘങ്ങൾ ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ നിശ്ചിത അപേക്ഷാ ഫോമുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

4. വാഴപ്പള്ളി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കന്നുകാലികളിൽ കുളമ്പുരോഗ പ്രതിരോധകുത്തിവെയ്പ് നടത്താനായി മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള ടീമുകൾ ഇനിയും എത്താത്ത വീടുകൾ ഉണ്ടെങ്കിൽ കർഷകർ തുരുത്തി മൃഗാശുപത്രിയിൽ വിവരം അറിയിക്കണമെന്നു വെറ്ററിനറി സർജൻ അറിയിച്ചു.

## പരിശീലന പരിപാടികൾ

5. കേരള കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് നവംബർ മാസം **10,11,12** തീയതികളിൽ രാവിലെ 10.30 മണി മുതൽ **ഹൈടെക്ക് അടുക്കളതോട്ട നിർമ്മാണവും പരിപാലനവും** എന്ന വിഷയത്തിൽ 3 ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **7025498850, 7736690639, 7034215912, 0487 2960079** എന്നീ നമ്പരുകളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന; റബ്ബർബാൻഡ്, കൈയുറ, ഫോം റബ്ബർ, പശ, ബലൂൺ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം** എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം **നവംബർ 08 മുതൽ 12 വരെ** നടത്തും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **0481 –2353201, 0481 – 2353127** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

7. കശുമാവിന്റെ ഒരു പ്രധാന ശത്രുവാണ് **തേയിലക്കൊതുക്.** മരങ്ങൾ തളിരിട്ട് തുടങ്ങുന്ന സമയത്താണ് (സെപ്റ്റംബർ- ഒക്ടോബർ) പ്രാണികളുടെ ഉപദ്രവം ആരംഭിക്കുന്നത്. ഇളംതണ്ടുകളും പൂങ്കുലയും കരിഞ്ഞു പോകുന്നതാണ് ലക്ഷണം. തേയില കൊതുകിനെ നിയന്ത്രിക്കുന്നതിന് വേപ്പിൻ സത്തടങ്ങിയ ജൈവകീടനാശിനി 20 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്. തേയില കൊതുകിന്റെ ഉപദ്രവം നിയന്ത്രാണാതീതമായി കണ്ടാൽ ക്വിനാൽഫോസ് ( 2 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ) തളിച്ച് അവയെ നിയന്ത്രിക്കണം. തളിരിടുന്നതു മുതൽ കായ്പിടിച്ചു തുടങ്ങുന്ന ഘട്ടം വരെയുള്ള മാസങ്ങളിൽ (സെപ്റ്റംബർ - ഫെബ്രുവരി) ആകെ മൂന്നു പ്രാവശ്യമെങ്കിലും മരുന്നു തളിച്ചാൽ മാത്രമേ നിയന്ത്രണം ഫലപ്രദമാകുകയുള്ളു.